**“ഭരണ ഭാഷ – മാതൃഭാഷ”**

## ഇൻഫർമേഷൻ കേരളാ മിഷൻ

‘പ്രതീക്ഷ’ ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**22.04.2016-ന് രാവിലെ 11:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് മെയിൻ ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 9-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഹാജർ:-

1. ശ്രീ.പി.ഐ. ഷേയ്ക്ക് പരീത്, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ചെയർമാൻ)
2. ശ്രീ.സുഭാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, ഐ.ടി. ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി.ഓമന.പി.ബി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ.സി.പി.സുരേഷ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (മെമ്പർ സെക്രട്ടറി)

"ഭരണ ഭാഷ – മാതൃഭാഷ"

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

**22.04.2016-ന് രാവിലെ 11:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് മെയിൻ ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 9-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 9.1 | 28.12.2015 തീയതിയിൽ നടന്ന 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ. |
| | 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.(മിനിട്ട്സിന്റെ പകർപ്പ് – **അനുബന്ധം-1**) |
| **എടുത്ത തീരുമാനം** | **അംഗീകരിച്ചു.** |
| 9.2 | 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി. |
| | **7.21 ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 28.12.2015 ലെ 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 8.2(7.21) നമ്പർ തീരുമാനപ്രകാരം കളമശ്ശേരി Supervisory Development Centre-ൽ നിന്നും കംപ്യൂട്ടർ ഡിപ്ലോമ യോഗ്യതയുള്ളവരെ 6000/-രൂപ സ്റ്റൈപ്പന്റോടുകൂടി നിയമിക്കുവാനും, സ്റ്റൈപ്പന്റിൽ ഗവൺമെന്റ് വിഹിതം നീക്കി ബാക്കി തുക ഐ.കെ.എമ്മിൽ നിന്നും നൽകുവാനും തീരുമാനിച്ചു. ഇതു പ്രകാരം 09.02.2016 ലെ 3994/ഇ1/2015/ഐ.കെ.എം നമ്പർ കത്ത് Supervisory Development Centreന് നൽകുകയും, Supervisory Development Centre നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം 29.02.2016 ന് തൃശ്ശൂരിൽ വച്ച് Interview നടത്തുകയും, അതിൽ നിന്നും 5 പേരെ ടെക്നിക്കൽ അപ്രന്റീസ് ട്രയിനിയായി ആലപ്പുഴ, മലപ്പുറം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലേക്ക് 01.03.2016 മുതൽ നിയമിക്കുകയും ചെയ്ത വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **8.4 ശ്രീ.ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ - ശിക്ഷണനടപടി സംബന്ധിച്ച്.** |
| | 28.12.2015 ലെ 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 8.4 നമ്പർ തീരുമാനപ്രകാരം വിശദമായ റിപ്പോർട്ട് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് **അനുബന്ധം-2** ആയി ചേർക്കുന്നു. |
| | **എടുത്ത തീരുമാനം:** വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു. |
| 9.3 | ഐ.കെ.എം സൊസൈറ്റിയുടെ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. |
| | 20.01.2014 ലെ G.O.(Ms).No.15/2014/LSGD പ്രകാരം ഇൻഫർമേഷൻ കേരള മിഷന്റെ സർക്കാർ അംഗീകരിച്ച ബൈലൊ,റൂൾസ് ആന്റ് റെഗുലേഷൻസിലെ താഴെ പറയുന്ന ഖണ്ഡികകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള അനുമതിക്കായി.<br>1. **ഖണ്ഡിക-9** ൽ ഗവേണിംഗ് ബോഡി അംഗങ്ങളുടെ പേരിൽ നം.16ഉം,17ഉം ഒരു അംഗമാണ്. നമ്പർ രണ്ടായി കാണിക്കുന്നു. കൂടാതെ ഗവേണിംഗ് ബോഡിയിൽ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെൻറ് മേധാവി, ഗവൺമെന്റ് |

<table>
<tr><th>ഇനം നമ്പർ</th><th colspan="2">ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td></td><td colspan="2">എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരത്തെ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി.<br>2. ഖണ്ഡിക-11 ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി.<br>3. ഖണ്ഡിക-13 ൽ എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ കൂടണം എന്നുള്ളത് മൂന്ന് മാസം ആക്കുന്നതിനുള്ള അനുമതി.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അംഗീകരിച്ചു.</td></tr>
<tr><td>9.4</td><td colspan="2">2016-2017 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.</td></tr>
<tr><td></td><td colspan="2">ഐ.കെ.എം 2016-2017 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ യഥാക്രമം അനുബന്ധം-3, അനുബന്ധം-4 അംഗീകാരത്തിനായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും പർച്ചേസ്, എ.എം.സി എന്നിവ സംബന്ധിച്ച് IT Department-ന്റെ concurrence ആവശ്യമാണെന്ന് ധനകാര്യ വകുപ്പിന്റെ പ്രതിനിധി അഭിപ്രായപ്പെടുകയും, IT Department-ന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ബഡ്ജറ്റ് അംഗീകരിക്കുവാനും തീരുമാനിച്ചു.</td></tr>
<tr><td>9.5</td><td colspan="2">ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിൽ സാങ്കേതിക പരിജ്ഞാനമുള്ള രണ്ടുപേരെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.</td></tr>
<tr><td></td><td colspan="2">തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിൽകളക്ടർമാർക്ക് നികുതി പിരിക്കുന്നതിനും പിരിച്ചെടുത്ത നികുതി യഥാസമയം തന്നെ ഡാറ്റാബേസിൽ അപ്ഡേറ്റ് ചെയ്യുന്നതിനും അതുവഴി തദ്ദേശ സ്ഥാപനങ്ങളിലെ നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഹാൻഡ് ഹെൽഡ് ഡിവൈസ് വാങ്ങി നല്കുന്നതിന് കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകൾ ഐ.കെ.എമ്മിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിലേക്കായി കൊല്ലം, കോഴിക്കോട് കോർപ്പറേഷൻ ഐ.കെ.എമ്മിലേക്ക് തുക നൽകിയിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടുന്ന ഈ സോഫ്റ്റ്വെയറിൽ അതീവ സുരക്ഷ ക്രമീകരണങ്ങൾ ആവശ്യമായിട്ടുണ്ട്. ഈ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിൽ ഓൺലൈൻ, ഓഫ്‌ലൈൻ മോഡുകളിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ ചെയ്യേണ്ടതായിട്ടുണ്ട്. ഈ സാങ്കേതിക പരിജ്ഞാനമുള്ളവർ നിലവിൽ ഐ.കെ.എമ്മിൽ ഇല്ല. ആയതിനാൽ ടി സോഫ്റ്റ്വെയർ ചെയ്യുന്നതിലേക്കായി കരാർ അടിസ്ഥാനത്തിൽ 6 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 30,000/- രൂപ വീതം നൽകി താൽകാലികമായി 2 പേരെ നിയമിക്കുന്നതിനുള്ള അനുമതിക്കായി.<br><br>Educational Qualification: B-Tech / MCA /MSc-Computer Science/ Diploma in Computer science<br>Skills: 1 year valid Experience in Android Application Development.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അനുവദിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.</td></tr>
<tr><td>9.6</td><td colspan="2">സോഫ്റ്റ്വെയർ വിഭാഗത്തിൽ പ്രോഗ്രാമറായി ഒരാളെ താൽകാലികമായി നിയമിച്ച നടപടിയ്ക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണം തേടുന്നത് സംബന്ധിച്ച്.</td></tr>
<tr><td></td><td colspan="2">2016 ഏപ്രിൽ 1-ാം തീയതി മുതൽ വെബ് അധിഷ്ഠിത സാംഖ്യ സോഫ്റ്റ് വെയർ ഇംപ്ലിമെന്റ് ചെയ്യേണ്ട അടിയന്തിര സാഹചര്യത്തിൽ ഇതിനു വേണ്ടി Java Programme language അറിയാവുന്ന പ്രോഗ്രാമറെ പത്രപ്പരസ്യം മുഖേന ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിന് താമസമുണ്ടാകുകയും, അത് അടുത്ത സാമ്പത്തിക വർഷത്തെ അക്കൗണ്ടിംഗ് സംവിധാനത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഐ.കെ.എമ്മിൽ ബയോഡേറ്റ നൽകിയിരുന്ന ശ്രീമതി.ലക്ഷ്മി എം ബി യുടെ ബയോഡേറ്റ പരിശോധിക്കുകയും, ടി ഉദ്യോഗാർത്ഥിയുടെ ബയോഡേറ്റ തൃപ്തികരമായതിനാൽ ശ്രീമതി. ലക്ഷ്മി എം ബിയെ പ്രതിമാസം 20000/- രൂപ (ഇരുപതിനായിരം രൂപ) കൺസോളിഡേറ്റഡ് ശമ്പളത്തോടുകൂടി 22.02.2016 മുതൽ മൂന്ന് മാസത്തേയ്ക്ക് കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ</td></tr>
</table>

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | 19.02.2016 ലെ 3398/ഇ1/2015/ഐ.കെ.എം നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. 3 മാസം കഴിഞ്ഞ് (21.05.2016) പിരിച്ചുവിടാനും തീരുമാനിച്ചു. |
| 9.7 | **ഐ.കെ.എം.ലെ വികലാംഗരായ ജീവനക്കാർക്ക് കൺവയൻസ് അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.** |
| | ഐ.കെ.എം.ലെ വികലാംഗരായ ജീവനക്കാർക്ക് പ്രതിമാസം 600 രൂപ കൺവയൻസ് അലവൻസായി കൊടുത്തു വരുന്നുണ്ട് (28.06.2011 ലെ 51-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 51.6-ാം നമ്പർ തീരുമാനം) . ഈ തുക 800 ആയി വർദ്ധിപ്പിച്ചുകിട്ടണം എന്ന് പ്രസ്തുത ജീവനക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ജി.ഒ./(പി)നം.7/2016/ഫിൻ തീയതി 20.01.2016 എന്ന പേ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറങ്ങിയ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത വർദ്ധനവ് ആവശ്യപ്പെടുന്നത്. ഈ തുക വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി. |
| എടുത്ത തീരുമാനം | **അംഗീകരിച്ചു.** ഇലക്ഷന്റെ കോഡ് ഓഫ് കോൺടാക്റ്റ് കഴിഞ്ഞതിനു ശേഷം വർദ്ധന നൽകാൻ അനുമതി നൽകി. |
| 9.8 | **ശ്രീമതി.ജസ്റ്റ.എ.എൻ, ജൂനിയർ ടെക്നിക്കൽ ഓഫീസർ, റാന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട ജില്ല ആർജ്ജിത (മെഡിക്കൽ) അവധി അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്ക് പഞ്ചായത്തിൽ ജൂനിയർ ടെക്നിക്കൽ ഓഫീസർ ആയ ശ്രീമതി.ജസ്റ്റ.എ.എൻ 16/11/2015 മുതൽ മുതൽ തുടർച്ചയായി 116 ദിവസത്തെ ആർജ്ജിത അവധി എടുത്തുകഴിഞ്ഞു. തുടർന്ന് 11/03/2016 മുതൽ 31/03/2016 വരെയുള്ള 21 ദിവസത്തെ ആർജ്ജിത (മെഡിക്കൽ) അവധിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.ജസ്റ്റ.എ.എൻ-ന് നടുവേദന കാരണമാണ് അവധിയിൽ പ്രവേശിക്കുന്നതെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി 120 ദിവസത്തിൽ കൂടുതലായിട്ടുള്ള അവധികൾ അനുവദിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടിയാണ്. ഈ സാഹചര്യത്തിൽ ശ്രീമതി.ജസ്റ്റ.എ.എൻ-ന്റെ 11/03/2016 മുതൽ 31/03/2016 വരെയുള്ള 21 ദിവസത്തെ ആർജ്ജിത (മെഡിക്കൽ) അവധി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനായി ശ്രീമതി.ജസ്റ്റ.എ.എൻ നൽകിയ അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് **(അനുബന്ധം-5)** എന്നിവ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു. |
| 9.9 | **ഐ.കെ.എം.ലെ ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ഐ.കെ.എമ്മിലെ ജീവനക്കാരുടെ സംഘടനയായ EF@IT 17.03.2016 നൽകിയ നിവേദനത്തിൽ 20.03.2007 തീയതിയിലെ സർക്കാർ ഉത്തരവ് നം.119/2007/Fin പ്രകാരം സ്വയം ഭരണ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ടെന്നും, ഐ.കെ.എമ്മിനെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ 2015-2016 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ ആനുകൂല്യം ജീവനക്കാർക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.<br><br>ഐ.കെ.എമ്മിന്റെ 2009 വരെയുള്ള കാലയളവിൽ പ്രോജക്റ്റ് സ്റ്റാഫ് എന്ന കാറ്റഗറിയിൽപ്പെട്ടിരുന്ന ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 30 ലീവ് എന്ന ക്രമപ്രകാരം സറണ്ടർ അനുവദിച്ചിരുന്നു. 2009-ൽ CMD റിപ്പോർട്ട് നടപ്പിലാക്കിയതോടു കൂടി 440 ജീവനക്കാരെ പ്രോജക്റ്റ് സ്റ്റാഫാക്കുകയും ലീവ് സറണ്ടർ എന്ന ആനുകൂല്യം പ്രത്യേക ഉത്തരവുകളൊന്നും ഇല്ലാത്തതിനാൽ താൽക്കാലികമായി നിർത്തി വയ്ക്കുകയും ചെയ്തിരുന്നു.<br><br>10.02.2014 ന് ഐ.കെ.എമ്മിനെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥിതിയ്ക്ക് 20.03.2007 തീയതിയിലെ സർക്കാർ ഉത്തരവ് നം.119/2007/Fin പ്രകാരം ലീവ് സറണ്ടർ ഐ.കെ.എം ജീവനക്കാർക്കും നടപ്പിലാക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| എടുത്ത തീരുമാനം | വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു. |
| 9.10 | ഐ.കെ.എം – സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച് |
| | കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗ് മുഖേന ഐ.കെ.എമ്മിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന 3 സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതനം 675 രൂപയായി വർദ്ധിപ്പിക്കണമെന്ന് 03.03.2016 ലെ 002/KSESL/TVM/DC/Gen നമ്പർ കത്ത് പ്രകാരം കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 26.02.2016 ലെ സർക്കാർ ഉത്തരവ് നമ്പർG.O(P)No.28/2016/Fin പ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതനം 675 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഐ.കെ.എമ്മിലെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന സെക്യൂരിറ്റി ജീവനക്കാരുടെ വേതനം 675 രൂപയായി ഉയർത്താവുന്നതാണോ? അനുമതിക്കായി. |
| എടുത്ത തീരുമാനം | **അംഗീകരിച്ചു.** ഇലക്ഷന്റെ കോഡ് ഓഫ് കോൺടാക്റ്റ് കഴിഞ്ഞതിനു ശേഷം ഉയർന്ന വേതനം നൽകാൻ അനുമതി നൽകി. |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)

P.I. SHEIK PAREETH IAS
Special Secretary to Govt.
Local Self Govt. (Panchayat) Dept.
Govt. Secretariat
Thiruvananthapuram-695 001.